# പശ്ചിമഘട്ട സംരക്ഷണവും വയനാടിന്റെ ഭാവിയും

## പ്രൊഫ. മാധവ് ഗാഡ്ഗിൽ കൽപ്പറ്റയിൽ സംസാരിക്കുന്നു

### സപ്റ്റംബർ 5 വ്യാഴാഴ്ച 1.30ന് ലളിത് മഹൽ ഓഡിറ്റോറിയം

ലോകത്തേറ്റവും പഴക്കമുള്ള പർവതനിരകളിൽ ഒന്നായ പശ്ചിമഘട്ടം സസ്യ-ജൈവ വൈവിധ്യങ്ങളുടെ വിസ്മയിപ്പിക്കുന്ന കലവറകളിലൊന്നാണ്. അനേകലക്ഷം മനുഷ്യർ പശ്ചിമഘട്ടത്തിൽ കൃഷി ചെയ്തും മറ്റും ഉപജീവിച്ച് വരുന്നു. തെക്കേ ഇന്ത്യയിലെ 30 കോടി മനുഷ്യരുടെ മാത്രമല്ല എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന്നാധാരമായ മഹാനദികളുടെ പ്രഭവസ്ഥാനം കൂടിയായ പശ്ചിമഘട്ടം ഇന്ത്യയുടെ ജലഗോപുരം എന്നാണ് അറിയപ്പെടുന്നത്. ലോകപൈതൃക പട്ടികയിൽ ഇടം പിടിച്ച ഈ മഹാമലനിരകൾ അളവറ്റ പ്രകൃതി വിഭവങ്ങളുടെ നിധികുംഭമാണ്.

ചരിത്രാതീത കാലം മുതൽ അറബികളും ഡച്ചുകാരും പറങ്കികളും യൂറോപ്യന്മാരും കേരള തീരത്തെത്തിയത് പശ്ചിമഘട്ട മലനിരകളിലെ പ്രകൃതി വിഭവങ്ങൾ തേടിയായിരുന്നു. ഇരുമ്പും ചെമ്പും ബോക്സൈറ്റും മാത്രമല്ല വൻതോതിൽ ഗ്രാനൈറ്റും പശ്ചിമഘട്ടത്തിൽ നിന്നും തുരന്നെടുക്കുന്നുണ്ട്. സമീപ കാലത്തായി വിഭവകൊള്ള എല്ലാ സീമകളെയും അതിലംഘിച്ച് മുന്നേറുകയാണ്. പശ്ചിമഘട്ടത്തിനു നേരെയുള്ള നാനാവിധ അത്യാചാരങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്.

കേരളത്തിന്റെ നിലനിൽപ്പ് പശ്ചിമഘട്ടത്തിന്റെ നിലനിൽപ്പിനെ ആശ്രയിച്ചാണെന്നും പശ്ചിമഘട്ടത്തിനുണ്ടാകുന്ന ചെറു നാശം പോലും അതീവഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടവരുത്തുമെന്നും വിദഗ്ദരും പരിസ്ഥിത പ്രവർത്തകരും നിരന്തരം മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും നമ്മുടെ ഭരണാധികാരികളും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ-മത സംഘടനകളും അവഗണിക്കുകയാണുണ്ടായത്.

പ്രകൃതി വിഭവങ്ങളുടെ വിനിയോഗത്തിലും കെട്ടിട നിർമ്മാണ നിയമങ്ങളിലും അനിയന്ത്രിതമായ ഖനനത്തിലും കയറൂരി വിട്ട ടൂറിസത്തിലും നിയന്ത്രണം കൊണ്ടുവരുവാൻ ഭരണകൂടം തയ്യാറായില്ല. ഉരുൾപൊട്ടലിലും പ്രളയത്തിലും നിരവധി മനുഷ്യരും ജീവജാലങ്ങളും മരിച്ചുകൊണ്ടിരിക്കുമ്പോഴും വികസനാഭാസത്തിന്റെ പേരിൽ കരിങ്കൽക്വാറികൾ നിർബാധം തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകിയത് പൊതുസമൂഹത്തോടുള്ള വെല്ലുവിളിയും കൊഞ്ഞനം കുത്തലുമാണ്.

ഈ പശ്ചാത്തലത്തിലാണ് കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ജയറാം രമേശ് പ്രൊ. മാധവ് ഗാഡ്ഗിൽ ചെയർമാനായി പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ സമിതി രൂപീകരിച്ചത്. ഗാഡ്ഗിൽ റിപ്പോർട്ടിനോട് കേരളം എങ്ങനെയാണ് പ്രതികരിച്ചത് എന്ന് നമുക്കൊക്കെ അറിയാവുന്നതാണല്ലോ ?

കഴിഞ്ഞ രണ്ടു പ്രളയങ്ങളും ഉരുൾപൊട്ടലുകളും തീരാദുരിതങ്ങളും ശവക്കൂനകളും കേരളം ഇരന്നുവാങ്ങിയ മനുഷ്യ നിർമ്മിത ദുരന്തങ്ങളാണ്. മാറി മാറി ഭരിച്ച സർക്കാരുകളും അവയ്ക്ക് നേതൃത്വം കൊടുത്ത പാർട്ടികളുമാണ് കുററവാളികൾ. ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ തെറ്റിദ്ധാരണകൾ പരത്തി ഭീതി സൃഷ്ടിച്ച് കർഷകരെ ഇളക്കിവിട്ട മതനേതാക്കൾക്കും ഉത്തരവാദിത്തമുണ്ട്.

ഇപ്പോൾ വീണ്ടും പശ്ചിമഘട്ടസംരക്ഷണവും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രസക്തിയും വയനാടിന്റെ സുസ്ഥിരമായ ഭാവിയും ഗൗരവതരമായി ചർച്ച ചെയ്യാൻ പൊതുസമൂഹം നിർബന്ധിതരായിരിക്കുകയാണ്. കർഷകരുടെ മാഗ്നാകാർട്ടയാകുമായിരുന്ന, സുസ്ഥിരവികസനത്തിന്റെ മാർഗ്ഗരേഖയായിരുന്ന ഗാഡ്ഗിൽ റിപ്പോർട്ടിനെ കുഴിച്ചുമൂടിയവർ പ്രകൃതിയുടെ ഒടുങ്ങാത്ത പ്രതികാരത്തിനു മുൻപിൽ അന്തം വിട്ടു നിൽക്കുന്ന ദയനീയമായ കാഴ്ചയാണ് നാം ഇപ്പോൾ കാണുന്നത്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സവിഷേഷമായ കാർഷികരീതികളും മാനിക്കാതെ സർക്കാരുകൾ നിരന്തരം വയനാട്ടിൽ അടിച്ചേൽപ്പിച്ച വികല വികസന നയമാണ് ഇന്നു നാം അകപ്പെട്ട ഗുരുതരമായ അവസ്ഥയ്ക്കു കാരണം. നിരവധി വർഷമായി വയനാട്ടിലെ പരിസ്ഥിതി പ്രവർത്തകർ ഉയർത്തിയ മുറവിളികൾ ആരും ചെവിക്കൊണ്ടില്ല.

പ്രതിസന്ധികളും ആകുലതകളും നിറഞ്ഞ ഭീതിദമായ ഈ ദശാസന്ധിയിൽ **പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ** വയനാട് സന്ദർശനത്തിന് വലിയ പ്രസക്തിയുണ്ട്. ഈ വരുന്ന **സപ്റ്റംബർ മാസം 5ന് വ്യാഴാഴ്ച ഉച്ചക്ക് 1.30ന്** അദ്ധേഹം കൽപ്പറ്റ ലളിത്മഹൽ ഓഡിറ്റോറിയത്തിൽ പ്രസംഗിക്കും. വയനാട് പരിസ്ഥിതി കൂട്ടായ്മ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞരായ **ഡോ. ടി.വി സജീവ്** (KFRI), **പി.കെ ഉത്തമൻ** എന്നിവരും പരിസ്ഥതി പ്രവർത്തകരായ **അഡ്വ. ഹരീഷ് വാസുദേവ്, അഡ്വ വിനോദ് പയ്യട** എന്നിവരും സംബന്ധിക്കും. പരിപാടിയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

സ്വാഗതസംഘം

കൺവീനർ
**എൻ. ബാദുഷ**

ചെയർമാൻ
**അഡ്വ. പി ചാത്തുക്കുട്ടി**

# നോർത്ത് വയനാട് വനം ഡിവിഷനിലെ വനംവകുപ്പിന്റെ വനനശീകരണത്തെ ചെറുക്കുക

- **പേരിയയിലെ വനം തെളിയിച്ച് നടത്തുന്ന ഏകയിന മരകൃഷി അവസാനിപ്പിക്കുക.**
- **ബ്രഹ്മഗിരിയിലെയും മുനീശ്വരൻമുടിയിലെയും ടൂറിസം കോട്ടേജുകൾ പൊളിച്ചുമാറ്റുക**
- **വയനാട്ടിലെ ഏകവിളത്തോട്ടങ്ങൾ വെട്ടിമാറ്റി സ്വാഭാവികവനമാക്കി പുനരുജ്ജീവിപ്പിക്കുക.**

പശ്ചിമഘട്ടമലനിരകളുടെ കിഴക്കൻചരുവിൽ സമുദ്രനിരപ്പിൽനിന്നും 800 മുതൽ 1200 മീറ്റർ വരെ ഉയരത്തിൽ, ഡക്കാൻ പീഠഭൂമിയുടെ മൈസൂർ ചീളുമായി ഉരുമ്മി സ്ഥിതിചെയ്യുന്ന വയനാട് സങ്കീർണ്ണവും ദുർബലവും അതീവലോലവുമായ പരിസ്ഥിതിസന്തുലനം നിലനിൽക്കുന്ന ഭൂപ്രദേശമാണ്. എല്ലാ സസ്യജീവജാലങ്ങൾക്കു നിലനിൽക്കാൻ അനുയോജ്യമായ ഈ മനോഹര ഭൂവിഭാഗം അതിവേഗം നാശത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതിത്തകർച്ചയുടെയും അതുമൂലമുണ്ടാവുന്ന കാർഷികത്തകർച്ചയുടെയും നെല്ലിപ്പടിയിൽ എത്തിനിൽക്കുന്ന വയനാട് മരുവൽക്കരണത്തിന്റെ ഭീഷണിയിലുമാണ്. വയനാട് ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതിത്തകർച്ചയും കാർഷികത്തകർച്ചയും ഒരേനാണയത്തിന്റെ രണ്ടുപുറമാണ്. ഒരിക്കൽ കർഷകന്റെ സ്വപ്നഭൂമിയായിരുന്ന വയനാടിപ്പോൾ കർഷക ആത്മഹത്യകളുടെയും വിലാപങ്ങളുടെയും ചാവുഭൂമിയായാണ് അറിയപ്പെടുന്നത്.

ഒരിക്കൽ സുജലയും സുഫലയും സസ്യശ്യാമളയുമായിരുന്ന വയനാട് ഇന്നത്തെ ഗതികേടിലെത്തിയതിന്റെ കാരണം മറ്റൊന്നുമല്ല, പ്രകൃതിയോട് നാം കാണിച്ച സമാനതകളില്ലാത്ത ക്രൂരതയുടെ അനിവാര്യമായ തിരിച്ചടിയാണ്. നിബിഡവും നിത്യഹരിതവുമായ വയനാടൻ കാടുകൾ വിവേകരഹിതമായി നശിപ്പിച്ചുകളഞ്ഞു. വയനാടിന്റെ നട്ടെല്ലായ പാറക്കെട്ടുകൾ തകർത്ത് വിറ്റ് കാശാക്കി. കൈവണ്ണമുള്ള മരത്തൈകൾ വരെ കോടാലിക്കിരയാക്കി. അനിയന്ത്രിതമായ മണലൂറ്റലും കരമണൽ ഖനനവും കുന്നിടിച്ച് ബഹുനിലക്കെട്ടിടമുണ്ടാക്കലും തുടർന്നുകൊണ്ടേയിരിക്കുന്നു. ചതുപ്പുകളും നെൽവയലുകളും മാത്രമല്ല പുഴയോരങ്ങളും കുളങ്ങളുമൊക്കെ നികത്തി കോൺക്രീറ്റ്സൗധങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അവശേഷിച്ച കാടുകൾ വർഷാവർഷം കത്തിക്കൊണ്ടിരിക്കുകയും, കാടിനുള്ളിൽ ടൂറിസം തിമർത്താടുകയും ചെയ്യുന്നു. പ്രകൃതിയോട് നാം കാണിക്കുന്ന ഓരോ ക്രൂരതയ്ക്കും കനത്ത തിരിച്ചടി അനിവാര്യമാണെന്ന സത്യം നാമോർത്തതേയില്ല.

കണ്ടാമൃഗങ്ങൾക്ക് പുകൾപെറ്റ ആസ്സാമിലെ കാസ്സിരംഗ കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവുമധികം വന്യജീവി- മനുഷ്യസംഘർഷമുള്ള പ്രദേശം വയനാടാണ്. ആനയും കാട്ടുപന്നിയും കടുവയും മാനും കുരങ്ങുമെന്നുവേണ്ട എല്ലാ വന്യജീവികളും മനുഷ്യരുമായി സംഘർഷത്തിലാണെന്ന വിചിത്രമായ അവസ്ഥയാണ് നിലനിൽക്കുന്നത്. കഴിഞ്ഞ 25 വർഷത്തിനിടയിൽ 200ൽ അധികം മനുഷ്യരും അതിന്റെ മൂന്നിരട്ടി കാട്ടാനകളും എണ്ണമറ്റ മറ്റു വന്യജീവികളും വയനാട്ടിൽ ജീവൻ വെടിഞ്ഞിട്ടുണ്ട്. അനേകകോടിരൂപയുടെ കൃഷിനാശം വേറെയും. ഈ സംഘർഷം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ഉത്തരവാദപ്പെട്ടവർ കുറ്റകരമായ നിസ്സംഗതയിലാണ്.

വന്യജീവികൾ നമ്മുടെ നാടിന്റെ അഭിമാനമാണെന്നാണ് വയ്പ്. കടുവ രാജ്യത്തിന്റെ ദേശീയമൃഗവും ആന സംസ്ഥാനത്തിന്റെ പ്രതീകവും ഒക്കെയാണ്. വയനാടിനെ ഇപ്പോൾ മാരകമാംവിധം കാർന്നുതിന്നുകൊണ്ടിരിക്കുന്നതും, വയനാടിന്റെ എല്ലാ പ്രതിസന്ധിക്കും ഒറ്റമൂലിയായി രാഷ്ട്രീയ- ഉദ്യോഗസ്ഥ വൈദ്യന്മാർ നിർദ്ദേശിക്കുന്നതുമായ ടൂറിസത്തിന്റെ അടിത്തറ വയനാടിന്റെ പച്ചപ്പും തണുപ്പും നനവുമൊക്കെയാണെന്നും അനുനിമിഷം അതില്ലാതായിക്കൊണ്ടിരിക്കുകയാണെന്നും ആരും ഓർക്കുന്നില്ല. വനംവകുപ്പാഫീസുകൾ തല്ലിത്തകർക്കുന്നതും വനംവകുപ്പുദ്യോഗസ്ഥരെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽവരെ തടങ്കലിലാക്കുന്നതും റോഡ് ഉപരോധവുമൊക്കെ വയനാട്ടിലെ നിത്യസംഭവങ്ങളാണ്. ആത്മാഭിമാനത്തോടെ ജോലിചെയ്യാൻ വനംവകുപ്പുദ്യോഗസ്ഥർക്കു കഴിയുന്നില്ല.

വയനാടിന്റെ ഭൂവിസ്തൃതിയുടെ 35 ശതമാനം കാടാണെന്നാണ് വയ്പ്. ഇത്രയും "വനഭൂമി" ഉണ്ടെന്നുള്ളത് സത്യമാണ്. എന്നാൽ കാടെന്നുപറയുന്ന ആവാസവ്യവസ്ഥ കേവലം മരങ്ങളുടെ കൂട്ടമല്ല. പരിസ്ഥിതിധർമ്മം നിർവ്വഹിക്കാൻ കെൽപ്പുള്ള യഥാർത്ഥ വനം വളരെകുറച്ച് മാത്രമെ വയനാട്ടിൽ ശേഷിക്കുന്നുള്ളൂ. ഒരു ലക്ഷം ഹെക്ടർവരുന്ന വനവിസ്തൃതിയുടെ മൂന്നിലൊന്നോളം വരുന്ന 32000 ഹെക്ടർ സ്ഥലത്തും തേക്ക്, യൂക്കാലിപ്റ്റ്സ്, മഹാഗണി, അക്കേഷ്യ തുടങ്ങിയവയുടെ ഏകയിനമരത്തോട്ടങ്ങളാണ്. കഴിഞ്ഞ അരനൂറ്റാണ്ടായി വനംവകുപ്പു നടത്തുന്ന പ്രധാനപ്പെട്ട 'വനപരിപാലനം' ഒന്നാംതരം ഹരിതവനങ്ങൾ വെട്ടിമാറ്റി അവശിഷ്ടങ്ങൾ തീയിട്ട് ചുട്ട് മരുഭൂമിക്ക് സമാനമാക്കി ഏകവിളത്തോട്ടങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുക എന്നതുമാത്രമാണ്.

സൗത്ത്‌വയനാട്, നോർത്ത്‌വയനാട്, വയനാട് വന്യജീവി കേന്ദ്രം, എന്നീ മൂന്നു വനം ഡിവിഷനുകളിലായി വ്യാപിച്ചു കിടക്കുന്ന ഈ ഏകവിളത്തോട്ടനിർമ്മിതിയാണ് വയനാട് ഇന്ന് അനുഭവിക്കുന്ന മനുഷ്യ- വന്യജീവിസംഘർഷത്തിന്റെ മാത്രമല്ല കാലാവസ്ഥ വ്യതിയാനത്തിന്റെയും, കാർഷികപ്രതിസന്ധിയുടേയും കാരണമായത്. മഴപെയ്യിക്കുന്നതിലും മഴവെള്ളം ഭൂമിയിൽ ആഴ്ത്തി ഭൂഗർഭജലമാക്കിമാറ്റുന്നതിലും ജലസ്രോതസ്സുകളിലേക്കും അരുവികളിലേക്കും അവ ചുരത്തുന്നതിലുമൊക്കെ കാടി

നുള്ള പങ്ക് നിസ്സംശയം തെളിയിക്കപ്പെട്ടതാണ്. സസ്യ- ജൈവ വൈവിധ്യത്തിന്റെ ലോകത്ത് ഏറ്റവും വിലപ്പെട്ട കലവറകളായിരുന്ന കാടുകളെയാണ് വിവേകരഹിതമായി വനംവകുപ്പ് കശാപ്പുചെയ്തുകളഞ്ഞത്. വിലമതിക്കാൻ സാധിക്കാത്തതും എണ്ണിയാലൊടുങ്ങാത്തതുമായ സസ്യ - ജന്തുജാലങ്ങളാണ് നാശമടഞ്ഞത്.

വയനാടിന്റെ സുസ്ഥിരമായ നിലനിൽപ്പിന് ആധാരമായ കാടുകൾക്ക്പകരം വരണ്ടുവിണ്ട, പുല്ലുപോലും കിളർക്കാത്ത, പാറപോലെ ഉറച്ചുപോയ, ഉഷ്ണംവമിപ്പിക്കുന്ന ഏകവിളത്തോട്ടങ്ങളാണിപ്പോഴുള്ളത്. പക്ഷികൾക്കുപോലും അഭയംനൽകാത്ത, തീറ്റയും കുടിവെള്ളവും മാത്രമല്ല, തണലും ആർദ്രതയും നഷ്ടപ്പെട്ട വന്യജീവികൾ തൊട്ടടുത്ത കൃഷിയിടത്തിലെ പച്ചപ്പിലേക്കും ജലസ്രോതസ്സുകളിലേക്കും വിളറിപിടിച്ച്, ആർത്തിപിടിച്ച് എത്തുക സ്വാഭാവികമാണ്. വേനൽ കാലങ്ങളിൽ കിണറുകൾക്കുമേൽ കാവൽമാടങ്ങൾ ഉണ്ടാക്കി ആനകളിൽ നിന്നും വെള്ളത്തെ സംരക്ഷിക്കുന്ന ഗ്രാമങ്ങൾ വയനാട്ടിലുണ്ട്. വയനാട്ടിലിപ്പോൾ നടക്കുന്നത് നാൾക്കുനാൾ ശോഷിച്ചുകൊണ്ടിരിക്കുന്ന വിഭവങ്ങൾക്കുവേണ്ടി മനുഷ്യരും വന്യജീവികളും തമ്മിലുള്ള പോരാട്ടമാണ്.

ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയാണ് നമ്മുടെ കാടുകളിൽ കയറി വിഭവകൊള്ള തുടങ്ങിയത്. യുദ്ധക്കപ്പലുകളുണ്ടാക്കാൻ അവർക്ക് തേക്കുമരം അത്യാവശ്യമായിരുന്നു. കാടുകളിലെ തേക്കുമരങ്ങൾ കുറയാൻ തുടങ്ങിയതോടെ പ്ലാന്റേഷനുകൾ ഉണ്ടാക്കാൻ തുടങ്ങി. നിലമ്പൂരിലെ കനോലിപ്ലോട്ട് ഉണ്ടാക്കിയതു ഒരുനൂറ്റാണ്ടുമുൻപാണ്. പിന്നീടത് വയനാട്ടിലേക്കും വ്യാപിപ്പിച്ചു. എന്നാൽ ബ്രിട്ടീഷുകാർ നമ്മുടെ ജനകീയസർക്കാറുകളെക്കാൾ ഭേദമായിരുന്നു. ശുഷ്ക്കമായ കാടുകളെയാണ് അവർ തോട്ടങ്ങളാക്കിയത്. അതും കുറഞ്ഞ വിസ്തൃതിയിൽ.

1957ൽ അധികാരത്തിൽ വന്ന ആദ്യത്തെ ജനകീയസർക്കാർ പശ്ചിമഘട്ടവനങ്ങൾക്കുണ്ടാക്കിയ ക്ഷതം അപരിഹാര്യമാംവിധം മാരകമായിരുന്നു. മാവൂർ പഞ്ചായത്തിൽ ചാലിയാർ നദിയുടെ കരയിൽ സ്ഥാപിതമായ ഗ്വാളിയോർ റയൺസ് ഫാക്ടറിക്ക് അസംസ്കൃതവിഭവങ്ങൾ കരാറനുസരിച്ച് നൽകാൻ വേണ്ടിയാണ് യൂക്കാലിപ്റ്റസ് പ്ലാന്റേഷനുകൾ വ്യാപകമായി തുടങ്ങിയത്. മാരകമായ പരിസ്ഥിതി ദുരന്തങ്ങൾക്കിടയാക്കിയ വിവിധയിനം ഏകവിളത്തോട്ടങ്ങൾ ഇതോടെ വ്യാപകമായി. 1970 -കളിൽ വയനാട്ടിൽ യുദ്ധസമാനമായ അന്തരീക്ഷമാണുണ്ടായിരുന്നത്. എങ്ങും വനം വെട്ടുമാത്രം. ഓരോ റെയിഞ്ചിലും നൂറുകണക്കിനേക്കർ കാടുവെട്ടിത്തീയിട്ട് പ്ലാന്റേഷനുകൾ ഉണ്ടാക്കുന്ന ബീഭത്സമായ രംഗങ്ങൾ. പ്രകൃതിക്കെതിരായ യുദ്ധത്തിന്റെ തേരോട്ടം.

1978ൽ നൂൽപ്പുഴയിലെ നായ്ക്കട്ടിയിൽ കേരളത്തിലാദ്യമായി വനനശീകരണത്തിനും ഏകവിളത്തോട്ടങ്ങൾക്കുമെതിരെ ജനകീയപ്രക്ഷോഭമുണ്ടായി. ഇതെത്തുടർന്നാണ് കേരളത്തിലുടനീളം ക്ലിയർഫെല്ലിംഗും രണ്ടുവർഷംകഴിഞ്ഞ് കോടതിയിടപെടലിനെത്തുടർന്ന് സെലക്ഷൻ ഫെല്ലിംഗും അവസാനിച്ചത്. അപ്പോഴേക്കും വയനാടൻ കാടുകളുടെ മൂന്നിലൊന്നിന്റെ കഥ കഴിഞ്ഞിരുന്നു. കേരളം മാറിമാറി ഭരിച്ച സർക്കാറുകളും അതിന് നേതൃത്വം നൽകിയ പാർട്ടികളും ഉന്നതവനംവകുപ്പുദ്യോഗസ്ഥരും ഒക്കെക്കൂടിയാണ് വയനാടിനെ ചുടലപ്പറമ്പാക്കിമാറ്റിയത്.

വയനാട്ടിൽ ഇനി വളരെകുറച്ച് സ്വാഭാവികവനം മാത്രമേ ശേഷിച്ചിട്ടുള്ളൂ. വയനാടിന് ചുറ്റുമുള്ള മലന്തലപ്പുകളിലെ ചോലവനങ്ങളും പുൽപ്പരപ്പുകളുംമലഞ്ചെരുവുകളിലെ നിത്യഹരിതവനങ്ങളും. ഇങ്ങനെയുള്ള ഇത്തിരിക്കാട്ടിനുള്ളിലാണ് ടൂറിസം അരങ്ങുതകർക്കുന്നത്. വന്യജീവികളുടെ അവസാനത്തെ അഭയാരണ്യങ്ങളിൽ നൂറുകണക്കിന് വാഹനങ്ങളും ആയിരക്കണക്കിന് ടൂറിസ്റ്റുകളും സകലവിധ നിയമങ്ങളും മാനദണ്ഡങ്ങളും കാറ്റിൽ പറത്തി കടന്നു കയറുകയാണ്. ഇതിനൊക്കെ പുറമെ കാട്ടുതീയും കന്നുകാലിമേയ്ക്കലും വേറെയും. വിളറിപൂണ്ട വന്യജീവികൾ പ്രാണരക്ഷാർത്ഥം കൃഷിയിടങ്ങളിലേക്ക് രക്ഷപ്പെടുകയാണ്.

വയനാട് പ്രകൃതിസംരക്ഷണസമിതിയെപ്പോലുള്ള പരിസ്ഥിതിസംഘടനകളും പ്രകൃതിസ്നേഹികളും കഴിഞ്ഞ 40 വർഷക്കാലമായി നിതാന്തമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രക്ഷോഭ സമരങ്ങൾക്കും ബോധവൽക്കരണത്തിനുമൊടുവിൽ വയനാട്ടിലെ രാഷ്ട്രീയ- കർഷക സംഘടനകളിൽ മിക്കവയും ജനപ്രതിനിധികളും വനംവകുപ്പും ഇപ്പോൾ വസ്തുതകൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. രണ്ടുവർഷം മുൻപ് പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയും (സംരക്ഷണത്തെ അട്ടിമറിക്കാനുദ്ദേശിച്ചുള്ള) കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെയും സംഘടിതവും പ്രചണ്ഡവുമായ പ്രക്ഷോഭങ്ങളുണ്ടായപ്പോൾ തിരുവമ്പാടിയിലും കൊട്ടിയൂരിലും ചില മതനേതാക്കളും രാഷ്ട്രീയക്കാരും വനത്തിനും വന്യജീവികൾക്കുമെതിരെ നടത്തിയ വിദ്വേഷപ്രചരണം വയനാട്ടിൽ വേണ്ടത്ര ഏശാതെപോയത് ജനങ്ങൾക്ക് വയനാടിന്റെ പരിസ്ഥിതിത്തകർച്ചയെക്കുറിച്ച് ബോധ്യമുണ്ടായതുകൊണ്ടാണ്.

സമൂഹത്തിന്റെ സമസ്തമേഖലകളിലുമുണ്ടായ തിരിച്ചറിവിനെത്തുടർന്നാണ് വനം-വകുപ്പിന്റെ ഏകവിളത്തോട്ടങ്ങൾക്കെതിരെ വ്യാപകമായ പ്രതിഷേധമുണ്ടായിക്കൊണ്ടിരിക്കുന്നത്. വനംവകുപ്പിന്റെ മുഴുവൻ ഏകവിളത്തോട്ടങ്ങളും സമയ ബന്ധിതമായിമുറിച്ചുമാറ്റി പകരം സ്വാഭാവികവനങ്ങൾ പുനരുജ്ജീവിപ്പിക്കണമെന്ന ആവശ്യം വയനാട്ടി

ലെവിടെയും ശക്തമായി ഉയർന്നുവന്നു തുടങ്ങിയിരിക്കുന്നു. ഇങ്ങനെ തോട്ടങ്ങൾ വെട്ടിമാറ്റുമ്പോൾ ലഭിക്കുന്ന പണം വയനാടൻ കാടുകളുടെയും പരിസ്ഥിതിയുടെയും പുനരുജ്ജീവനത്തിനും വനത്തിന്നുള്ളിൽ ഒറ്റപ്പെട്ട് കുരുങ്ങിക്കിടക്കുന്ന കർഷകരെ മാറ്റിപ്പാർപ്പിക്കുന്നതിന്നും മനുഷ്യ- വന്യജീവിസംഘർഷം കുറയ്ക്കുന്നതിനും വയനാടിന്റെ സുസ്ഥിര വികസനത്തിനുമായി ചെലവഴിക്കാവുന്നതാണ്. 32000 ഹെക്ടർ വരുന്ന മരുഭൂമിക്ക് സമാനമായ ഏകവിളത്തോട്ടങ്ങൾ നിത്യഹരിതവനമാക്കുന്നതോടെ മനുഷ്യവന്യജീവീസംഘർഷം ഗണ്യമായി കുറയുമെന്നുമാത്രമല്ല ജലപുനരുജ്ജീവനം ഉണ്ടാവുകയും വയനാടൻ കൃഷിയും കാലാവസ്ഥയും പഴയ പ്രതാപത്തിലേക്കു തിരിച്ചെത്തുകയും ചെയ്തേക്കും.

എന്നാൽ ചെകുത്താൻ ഒരിക്കലും ഉറങ്ങുന്നില്ല. വനംവകുപ്പ് തന്നെ വയനാട്ടിൽ വനധ്വംസനം തുടരുകയാണ്. നോർത്ത് വയനാട് വനം ഡിവിഷനിലാണ് ജനങ്ങളോടുള്ള വെല്ലുവിളി അരങ്ങേറുന്നത്. പശ്ചിമഘട്ടത്തിന്റെ കിഴക്കൻ ചരുവിൽ സ്ഥിതിചെയ്യുന്ന പേരിയ റെയിഞ്ചിലെ 220 ഏക്കർ കാട് വെട്ടി മൊട്ടയടിച്ച് മഹാഗണിയുടെ ഏകയിനമരത്തോട്ടം ഉണ്ടാക്കിക്കഴിഞ്ഞു. കുറെ വർഷം മുൻപ് അക്കേഷ്യ എന്നുപേരായ അതിമാരകമായ ഒരു വിദേശമരം നട്ട് പരാജയപ്പെട്ടതാണീ വനഭൂമി. അവിടെ അങ്ങിങ്ങായി വളർന്നുനിന്ന അക്കേഷ്യമരങ്ങൾ വെട്ടിമാറ്റി സ്വാഭാവിക വനം പുനരുജ്ജീവിപ്പിക്കുന്നതിനുപകരം ഏകവിളത്തോട്ടമുണ്ടാക്കുകയാണുണ്ടായത്. മഹാഗണിയുൾപ്പെടെ നാലഞ്ചുതരം മരങ്ങളുടെ തൈകൾ നടുന്നുണ്ടെന്ന വിചിത്രഭാഷ്യമാണിപ്പോൾ നോർത്ത്വയനാട് ഡി. എഫ്. ഒ. നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാഭാവികവനമെന്നത് മരങ്ങളുടെ കൂട്ടമല്ലെന്നും എത്രതരം മരത്തൈകൾനട്ടാലും അതു തോട്ടമേ ആവുകയുള്ളൂയെന്നും ഇദ്ദേഹം അറിയാതെപോയത് കഷ്ടംതന്നെ.

അദ്വിതീയവും അതീവലോലവും ജൈവ വൈവിധ്യംകൊണ്ട് സമ്പന്നവുമായ പശ്ചിമഘട്ടഗിരിനിരകളിലെ ചോലവന- പുൽപ്പരപ്പ് ആവാസവ്യവസ്ഥ തെക്കെ ഇന്ത്യയിലെ മുഴുവൻ നദികളുടെയും പ്രഭവകേന്ദ്രമാണ്. ഈ പുൽപ്പരപ്പുകൾ കേവലം പാഴ്ഭൂമിയാണെന്നാണ് ചില വനംവകുപ്പുദ്യോഗസ്ഥരുൾപ്പെടെയുള്ളവർ ധരിച്ചുവച്ചിരിക്കുന്നത്. നിത്യഹരിതവനങ്ങളെക്കാൾ സമ്പന്നവും പരിസ്ഥിതിമൂല്യം ഉള്ളവയുമാണ് ഈ പുൽമേടുകൾ. വയനാട്ടിലെ ഈ ആവാസവ്യവസ്ഥകൾ നശിപ്പിക്കാൻ 1980 കളിൽ സാമൂഹ്യവനവൽക്കരണവിഭാഗം കോപ്പുകൂട്ടിയിരുന്നു. വയനാട് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകർ ചേമ്പ്രപീക്ക്, ബാണാസുരൻമലകൾ, കമ്പമല, ബ്രഹമഗിരിമലനിരകൾ തുടങ്ങിയ ഇടങ്ങളിൽ നടാൻ തയ്യാറാക്കിവച്ചിരുന്ന കോടിക്കണക്കിന് അക്കേഷ്യമരത്തൈകൾ പിഴുതുകളഞ്ഞത് ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണചരിത്രത്തിലെ ഉജ്ജ്വലമായ ഒരു അദ്ധ്യായമാണ്. പതിറ്റാണ്ടുകൾക്ക് ശേഷം ഈ പുൽമേടുകളെ സർവ്വനാശത്തിലേക്ക് തളളിവിട്ട് ടൂറിസം സംഘടിപ്പിക്കുവാനുള്ള ശ്രമത്തിലാണ് നോർത്ത് വയനാട് ഡി. എഫ്. ഒ.

തിരുനെല്ലിക്ഷേത്രത്തിന് വടക്കു-കിഴക്കായി സ്ഥിതിചെയ്യുന്ന ഉത്തുംഗമായ ബ്രഹ്മഗിരിമലനിരകളിലെ പുൽമേടുകളും ചോലവനങ്ങളും അത്യപൂർവ്വവും ഗംഭീരവുമാണ്. വിശാലമായ ഈ പുൽപ്പരപ്പിന്റെ കിഴക്കുഭാഗം കർണ്ണാടകയിലെ ബ്രഹ്മഗിരി വന്യജീവികേന്ദ്രവും വടക്കുഭാഗം കൊട്ടിയൂർകാടുകളുമാണ്. തിരുനെല്ലിക്ഷേത്രത്തിന്നരികിലൂടെ ഒഴുകുന്ന പാപനാശിനിയടക്കം കബനിയുടെ നിരവധി കൈവഴികൾ ഈ മലനിരകളിൽ നിന്നും ഉത്ഭവിക്കുന്നു. ബ്രഹ്മഗിരിമലയിലെ പക്ഷിപാതാളം അപൂർവ്വമായ ശരപ്പക്ഷികൾ (Edible nest swift let) കൂടുവയ്ക്കുന്ന ഇടമാണ്. ഈ പക്ഷി ഇന്ത്യയിൽ വളരെകുറച്ചിടങ്ങളിൽമാത്രമെ കൂടുവയ്ക്കുന്നുള്ളൂ. പക്ഷിപാതാളത്തിലെ ശരപ്പക്ഷികളുടെ സുരക്ഷയെക്കരുതി 2013ൽ അവിടെയ്ക്കുള്ള സകല പ്രവേശനവും വനംവകുപ്പു നിരോധിച്ചതാണ്. കേന്ദ്ര വനം- പരിസ്ഥിതി വകുപ്പിന്റെ മാർഗ്ഗനിർദ്ദേശവും നിലവിലുള്ള വനനിയമവും നഗ്നമായി ലംഘിച്ചാണ് പക്ഷിപാതാളത്തിലേക്ക് റോഡ് വെട്ടി ടൂറിസം സംഘടിപ്പിക്കുന്നത്. ഇതോടെ കുടകുഭാഗത്തുനിന്നും നാഗർഹോളെയിൽ നിന്നും കൊട്ടിയൂർ വനത്തിലേക്കുള്ള ആനത്താരയും തടസ്സപ്പെടുത്തും.

മലമടക്കുകളിലൂടെ ‘എർത്ത് മൂവർ’ ഉപയോഗിച്ച് നിയമവിരുദ്ധമായി റോഡു വെട്ടിയതിനുപുറമെ പുൽപ്പരപ്പിനു നടുവിൽ വൈദ്യുതകമ്പിവേലിയുണ്ടാക്കി ടൂറിസ്റ്റുകൾക്ക് താമസിക്കാൻ കോട്ടേജുകളും കോൺക്രീറ്റ്കെട്ടിടവും ഉണ്ടാക്കികൊണ്ട് നോർത്ത് വയനാട് ഡി . എഫ്. ഓ പശ്ചിമഘട്ടമലനിരകളിലെ ഏറ്റവും വിശാലമായ പുൽപ്പരപ്പ്- ചോലവനങ്ങളുടെ കടയ്ക്കൽ കത്തിവച്ചുകഴിഞ്ഞു. മനുഷ്യ സ്പർശമേൽക്കാതെ കാത്തുസൂക്ഷിക്കേണ്ട പരിപാവനമായ ഇടമാണിവിടം. സമീപത്തുള്ള പുൽപ്പരപ്പുകളിലേക്കും ചോലവനങ്ങളിലേക്കും ട്രക്കിംഗ് നടത്താനുള്ള സൗകര്യവുമൊരുക്കിയിട്ടുണ്ട്.

തലപ്പുഴക്കടുത്ത മുനീശ്വരൻകുന്ന് ബ്രഹ്മഗിരിപോലെ പ്രാധാന്യമർഹിക്കുന്ന മറ്റൊരുപുൽമേടാണ്. മുനീശ്വരൻമുടിയുടെ ഉച്ചിയിലുള്ള ക്ഷേത്രത്തിലേക്കുള്ള വഴിപോലും അടച്ചുകൊണ്ടാണ് സമ്പന്നരായ ടൂറിസ്റ്റുകൾക്ക് താമസിച്ച് വിനോദിക്കാനുള്ള കോട്ടേജുകളും അവയ്ക്ക് ചുറ്റും വൈദ്യുതക്കമ്പിവേലികളും ഉണ്ടാക്കിയിരിക്കുന്നത്. ക്ഷേത്രദർശനം ഇനി 30 രൂപ പ്രവേശനഫീസ് നൽകിമാത്രമെ സാധിക്കുകയുള്ളൂ. ഇവിടെ സ്വൈര്യമായി മേഞ്ഞിരുന്ന കാട്ടാനകൾ സമീപഗ്രാമങ്ങളിലേക്ക് ഈ വേനൽക്കാലത്തുതന്നെ എത്തിത്തുടങ്ങുമെന്ന് തീർച്ചയാണ്.

തലപ്പുഴയിലും പരിസരത്തും ഉള്ളവർ ഒഴിവുസമയം ആസ്വദിക്കാൻ മുനീശ്വരൻമുടിയിൽ എത്താറുണ്ടായിരുന്നു. ഇവിടെനിന്നുത്ഭവിക്കുന്ന അരുവികൾ ഇനി ടൂറിസ്റ്റുകളുടെ മലമൂത്രവിസർജ്ജനം ഉൾപ്പെടെയുള്ള മാലിന്യങ്ങളുമായാണ് തലപ്പുഴഗ്രാമത്തിലൂടെ ഒഴുകുക.

ചുരുക്കത്തിൽ നോർത്ത് വയനാട് വനം ഡിവിഷനിൽ വനം-വന്യജീവി വിരുദ്ധപ്രവർത്തനങ്ങൾ അരങ്ങുതകർക്കുകയാണ്. വയനാട്ടിലിപ്പോൾ ശക്തിയാർജ്ജിച്ച് സമസ്ഥമേഖലകളിലും പിടിമുറുക്കിക്കൊണ്ടിരിക്കുന്ന ടൂറിസം മാഫിയയാണ് ബ്രഹ്മഗിരിയിലെയും മുനീശ്വരൻമുടിയിലെയും അകൃത്യത്തിനു പുറകിൽ. വയനാട് എന്തായി തുലഞ്ഞാലും യാതൊരു ചുക്കും സംഭവിക്കാനില്ലെന്ന ധാർഷ്ട്യത്തോടെ ഇവിടെയെത്തി പണം വലിച്ചെറിയുന്ന ടൂറിസം മാടമ്പികളുടെ കൈയിൽ പാവകളിക്കുകയാണ് നോർത്ത്വയനാട് ഡി. എഫ്. ഒ.

വയനാട്ടിൽ മേലിൽ ഒരിഞ്ച് കാടു വെട്ടിത്തെളിയിക്കാനോ ഒരേക്കർപോലും ഏകവിളത്തോട്ടങ്ങൾ ഉണ്ടാക്കാനോ അനുവദിച്ചുകൂടാ. നമ്മുടെ അത്യപൂർവ്വമായ ആവാസവ്യവസ്ഥകൾ എന്തുവിലകൊടുത്തും സംരക്ഷിക്കണം. നിലവിലുള്ള ഏകവിളത്തോട്ടങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ വെട്ടിമാറ്റി സ്വാഭാവികവനമാക്കി പുനരുജ്ജീവിപ്പിക്കണം. വയനാടിനെ കാർബൺന്യൂട്രൽ ജില്ലയാക്കാനുള്ള സർക്കാർ തീരുമാനം വന്ന പശ്ചാത്തലത്തിൽ വനപുനരുജ്ജീവനം കൂടുതൽ സുഗമമായി നടപ്പിലാക്കാൻ വനംവകുപ്പിന് കരുത്തു നൽകും.

വയനാടിന്റെ പരിസ്ഥിതിയെയും സാമൂഹ്യജീവിതത്തെയും കാർഷികവ്യവസ്ഥയെയും അട്ടിമറിക്കുന്ന വിനാശകരമായ ടൂറിസത്തിൽ നിന്നും, ഏകവിളത്തോട്ടങ്ങളിൽ നിന്നും അവശേഷിച്ച നമ്മുടെ കാടിനെയും ബ്രഹ്മഗിരിയെയും മുനീശ്വരൻമുടിയെയും സംരക്ഷിക്കാനുള്ള പ്രക്ഷോഭസമരങ്ങൾക്കൊപ്പം വയനാട്ടുകാരുണ്ടാകുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

**എം. ഗംഗാധരൻ**
**Ph:94400440668**

**വെങ്കിടേഷ് കാട്ടിക്കുളം**
**Ph:8547753001**

**വയനാട് വനനശീകരണവിരുദ്ധസമരസമിതി**
**മാനന്തവാടി**

Modern Offset, Bathery-Ph 222681

# കാടുകൾ ഒരിക്കലും കത്തരുത്

മനുഷ്യന്റെ അശ്രദ്ധ
കൊണ്ടോ ചിലപ്പോഴൊക്കെ
മനപ്പൂർവ്വമോ തുടക്കം
കുറിക്കുന്ന കാട്ടുതീ മഞ്ഞു
കാലം മുതൽ മഴയെത്തും
വരെ നീണ്ട മാസങ്ങളിൽ
കത്തിപ്പടർന്ന് കേരളത്തിന്
ഏൽപ്പിക്കുന്ന പാരിസ്ഥി
തികാഘാതം ഭയാനകമാണ്.
അതുണ്ടാക്കുന്ന
സാമൂഹിക-സാമ്പത്തിക
നഷ്ടം കണക്കാക്കാനാവാത്ത
താണ്.

വയനാട് പ്രകൃതിസംരക്ഷണസമിതി

## കാടുകളുടെ പ്രാധാന്യം

കേരളം പോലുള്ള ഒരു ആർദ്ര ഉഷ്ണമേഖലാപ്രദേശത്ത്, പ്രത്യേകിച്ച് പശ്ചിമഘട്ടമലമ്പ്രദേശത്ത്, മനുഷ്യജീവിതത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ നിലനിറുത്തുന്നതിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്നത് ഇവിടത്തെ നൈസർഗികവനങ്ങളാണ്. ഭൗമാന്തരീക്ഷത്തിനും കരപ്രദേശത്ത് ഭൂമിയുടെ ഉപരിതലത്തിനും ഇടയ്ക്കുള്ള ഊർജ്ജചലനങ്ങളെ ഏറ്റവും സ്വാധീനിക്കുന്നത് നിബിഡ സസ്യാവരണമാണ്. ഭൂമുഖത്തെ സൗരോർജ്ജത്തിന്റെ വിന്യാസവും അതിന് ആണ്ടിൽ പല കാലങ്ങളിലായുള്ള മാറ്റവും ആ മാറ്റങ്ങൾ പദാർത്ഥങ്ങളിൽ, പ്രത്യേകിച്ച് ജലത്തിൽ വരുത്തുന്ന ഭൗതികമാറ്റങ്ങളാണ് കാലാവസ്ഥയായി നാം അറിയുന്നത്. ഭൂമിയുടെ ഉപരിതലത്തിൽ സൗരോർജ്ജം ഏറ്റവും കൂടുതൽ പതിക്കുന്ന ഉഷ്ണമേഖലാപ്രദേശത്തെ കാടുകൾക്ക് ഈ ഊർജ്ജത്തിന്റെ ചലനത്തെ നിയന്ത്രിക്കുന്നതിൽ വലിയ പ്രാധാന്യമുണ്ട്. മഴയായി പെയ്തിറങ്ങുന്ന ജലം വനാന്തരീക്ഷത്തിലും മണ്ണിലും സസ്യശരീരത്തിലും നിലനിറുത്തി അതിലൊരംശത്തെ ക്രമാനുഗതമായി പുറത്തേക്കു വിട്ടുകൊടുത്ത് നദികളിലെ നീരൊഴുക്ക് ആണ്ടിൽ തുടർച്ചയായി നിലനിറുത്തുന്നതും ഈ കാടുകളാണ്.

മനുഷ്യനെന്ന ജീവി സംസ്കാരത്തിന്റെ പടവുകളിലൂടെ ഇന്നത്തെ സ്ഥിതിയിലെത്താൻ കാരണം ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കിയ കാർഷികസംസ്കാരമാണ്. കൃഷിയുടെ അടിസ്ഥാനം മണ്ണാണ്. മണ്ണ് സൃഷ്ടിക്കാൻ കാടിനേ കഴിയൂ. മനുഷ്യനെന്ന ജീവവംശം മൂന്നു ലക്ഷത്തോളം വർഷങ്ങളായി ലക്ഷോപലക്ഷം മറ്റ് സസ്യ ജീവി സ്പീഷിസുകൾക്കൊപ്പം പരസ്പരാശ്രിത- പരസ്പരപൂരകബന്ധങ്ങളിലൂടെ വിളക്കിച്ചേർത്ത ഒരു വലിയ കുടുംബത്തിലെ ഒരംഗം മാത്രമാണ്. ഈ കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കൊപ്പമല്ലാതെ ഭൂമുഖത്ത് മനുഷ്യന് മാത്രമായി നീണ്ടകാലം നിലനില്ക്കാൻ സാധ്യവുമല്ല. ജൈവവൈവിധ്യമെന്ന വാക്ക്കൊണ്ട് നാം ഉദ്ദേശി



ക്കുന്ന, വളരെ അപൂർണ്ണമായി മാത്രം നമുക്ക് അറിയാവുന്ന ജൈവസമ്പന്നതയുടെ ഏറ്റവും വലിയ സങ്കേതം കാടുകളാണ്. കരപ്രദേശത്ത് ജീവന്റെ പരിണാമത്തുടർച്ചയ്ക്ക് ഒഴിവാക്കാനാവാത്ത അണിയറയാണീ കാടുകൾ. കേരളത്തിൽ കാണുന്ന പോലുള്ള ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളാണ് ജൈവവൈവിധ്യത്തിൽ ഭൂമുഖത്ത് ഏറ്റവും മുന്നിൽ. ഈ വൈവിധ്യത്തിന്റെ വളരെ തുച്ഛമായ ഒരു അംശത്തിന്റെ മാത്രം ഉപയോഗമേ നമുക്കിന്നറിയൂ. ഇതിലും വളരെ ചെറിയ ഒരു അംശത്തെയാണ് വനവിഭവങ്ങൾ എന്നു നാം വിളിക്കുന്നത്. ഇന്നാട്ടിലെ ഗ്രാമീണ കാർഷിക സമൂഹത്തിന് പ്രകൃതിയിൽ നിന്നും ലഭ്യമായ ഈ വനവിഭവസമ്പത്തില്ലാതെ തുടരാനുമാവില്ല. യഥാർത്ഥത്തിൽ വിലയിടാനാവാത്ത, പുനസൃഷ്ടിക്കാനാവാത്ത മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത് കാടുകളാണ്.

## എന്തിന് വനസംരക്ഷണം

ഇന്ന് നമുക്ക് വളരെ കുറച്ച് പേർക്ക് മാത്രമേ വനങ്ങളെ നേരിട്ട് അനുഭവത്തിലൂടെ അറിയാനായിട്ടുള്ളൂ. താത്ത്വികമായിപ്പോലും സമൂഹത്തിന്റെ പൊതുബോധത്തിൽ വനപ്രസക്തിയെ കുറിച്ചും വനത്തിന്റെ ഇന്നത്തെ നിജസ്ഥിതിയെ കുറിച്ചും വേണ്ടത്ര ആഴത്തിൽ അറിവുണ്ടോ എന്നത് സംശയമാണ്. നഗരജീവിതസൗകര്യങ്ങൾ വർദ്ധിക്കുന്നതുമാത്രം അഭികാമ്യമായ പുരോഗതിയായും ജീവിതലക്ഷ്യമായും കാണുന്ന ഇന്ന് കാടുകൾ പൊതുശ്രദ്ധയിൽ പതിയാത്തതിൽ അത്ഭുതപ്പെടേണ്ടതില്ല.

വ്യാപകമായ വനനശീകരണം ലോകത്തുടനീളം ഏറെ ആഘാതം സൃഷ്ടിച്ചുകഴിഞ്ഞ ഇക്കാലത്ത്, വനനശീകരണം വേഗത വർദ്ധിപ്പിക്കുന്ന ആഗോളകാലാവസ്ഥാമാറ്റം ഭൂമിയുടെ എല്ലാ താളവും തെറ്റിക്കുന്ന ഇക്കാലത്ത് നാം കാടുകളെ അറിയാനും സംരക്ഷിക്കാനും ശ്രമിച്ചേ പറ്റൂ. അതുമാത്രം പോരാ, നമ്മൾ ഓരോരുത്തരും ഉൾക്കൊള്ളുന്ന ഈ മനംമാറ്റം നാടൊട്ടുക്കും, ലോകമെമ്പാടും വ്യാപിപ്പിക്കുകയും

വേണം. വനപ്രാധാന്യത്തെ ഉൾക്കൊള്ളുന്നതിനും വനസംരക്ഷണത്തിൽ ഏർപ്പെടുന്നതിനുമൊപ്പം ഇന്നുള്ള ശോഷിച്ച കാടുകളെ അവയുടെ പാരിസ്ഥിതികധർമ്മങ്ങൾ നിറവേറ്റാൻ ആവുംവിധം ആരോഗ്യമുള്ളതാക്കുകയും വേണം. നൈസർഗികവനങ്ങൾ അല്ലെങ്കിൽപോലും ഇന്ന് മനുഷ്യപ്രയോഗത്തിലുള്ള പല ഭൂപ്രദേശങ്ങളിലും ഭാഗികമായെങ്കിലും വനധർമ്മങ്ങൾ നിറവേറ്റാനാവുന്നതരത്തിലുള്ള സസ്യാവരണം പുനസൃഷ്ടിക്കുക മനുഷ്യന്റെ നിലനില്പിനായുള്ള പരിസ്ഥിതിസംരക്ഷണത്തിൽ നമ്മുടെ നാട്ടിൽ, പ്രത്യേകിച്ച് പശ്ചിമഘട്ടമലമ്പ്രദേശത്ത് നാം ചെയ്യേണ്ട ഒരു പരിസ്ഥിതി പുനസ്ഥാപനപ്രവർത്തനമാണ്.

അറിയാത്തതുകൊണ്ട് ഭയന്ന് അകന്നും അജ്ഞതകൊണ്ട് പ്രസക്തി മനസ്സിലാക്കാതെ നശിപ്പിച്ചും സാമ്പത്തിക താല്ക്കാലിക സ്വാർത്ഥലക്ഷ്യങ്ങൾക്കുമായി നശിപ്പിച്ചുമൊക്കെയാണ് വനങ്ങളില്ലാതാവുന്നത്. പകരം നാം എല്ലാവരും അറിഞ്ഞ്, ഇഷ്ടപ്പെട്ട് അവയുടെ പ്രാധാന്യം ഉൾക്കൊണ്ട് വനങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് തീരുമാനിച്ചാൽമാത്രമേ സംരക്ഷിക്കാൻ ചുമതലയേറ്റവർക്കും അത് കര്യക്ഷമമായി നിറവേറ്റാനാവൂ. വനമെന്ന ഇന്നാട്ടിന്റെ ഏറ്റവും വിലപിടിച്ച പൊതുസ്വത്ത് അഥവാ സമൂഹസ്വത്ത് സംരക്ഷിക്കപ്പെടേണ്ടതാണെന്ന കാഴ്ച്ചപ്പാടാണ് വനസംരക്ഷണത്തിന് അടിസ്ഥാനമായി വേണ്ടത്. ആ സമൂഹനിലപാടിന്റെ ശക്തിയിൽ ജനാധിപത്യ ഭരണകൂടം ദൈനംദിനപ്രവർത്തനങ്ങളിലൂടെ വനം സംരക്ഷിക്കാൻ വനംവകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആ പ്രവർത്തനത്തിന്റെ എല്ലാ തലങ്ങളിലും ഉള്ള പ്രാപ്തിയും ഒപ്പം അപര്യാപ്തതയും അറിഞ്ഞ് തിരുത്താൻ ഇടപ്പെടുക സമൂഹത്തിന്റെ ചുമതലയാണ്. ഈ ചുമതലകളെ കുറിച്ച് ഇന്നത്തെ യുവത്വം മനസ്സിലാക്കിയേ പറ്റൂ.

പരിസ്ഥിതി എന്നാൽ കാടുകൾ മാത്രമല്ല, ഭൂമുഖത്ത് ജൈവമണ്ഡലത്തിൽ കാടുകളും പർവ്വതങ്ങളും പുഴകളും കടലുകളും മരുഭൂമികളും മഞ്ഞിൻപരപ്പുകളും ഒക്കെ പരസ്പരം സ്വാധീനവലയങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്നു. അതു



കൊണ്ട് കാടുകൾക്ക് മാത്രമായോരു നിലനില്പില്ല. അവയെ മാത്രമായി സംരക്ഷിച്ച് നിലനിറുത്താനുമാവില്ല. അതുകൊണ്ട്തന്നെ നമുക്ക് ജൈവമണ്ഡലത്തെക്കുറിച്ച് പൊതുവായ ഒരു അറിവ് ഉണ്ടാവണം. പ്രപഞ്ചവിശാലതയിൽ ജീവനു തുടരാനാവുന്ന, മനുഷ്യന് ജീവിക്കാനാവുന്ന ചെറിയൊരിടം മാത്രമേയുള്ളൂ, അത് നമ്മുടെ മാതൃഗ്രഹമായ ഭൂമിയാണ്. അതിനെ സ്നേഹിക്കുകയും അതിലെ ചെറിയ പച്ചപ്പൊട്ടുപോലുള്ള കാടിൻതുരുത്തുകളെ പരിരക്ഷിക്കുകയും ചെയ്യുക മനുഷ്യധർമ്മമാണ്, നമുക്ക് നിലനില്ക്കാനുള്ളൊരു അടിസ്ഥാനപ്രവൃത്തിയുമാണ്.

ഇന്ന് നമുക്ക് വളരെ കുറച്ച് പേർക്ക് മാത്രമേ വനങ്ങളെ നേരിട്ടും അനുഭവത്തിലൂടെ വനസംരക്ഷണപ്രവർത്തനത്തെ കുറിച്ചും അറിയാനായിട്ടുള്ളൂ. സമൂഹത്തിന്റെ പൊതുബോധത്തിൽ വനപ്രസക്തിയെക്കുറിച്ചും നമുക്കിന്ന് ബാക്കിയുള്ള വനങ്ങളുടെ യഥാർത്ഥസ്ഥിതിയെക്കുറിച്ചും വേണ്ടത്ര ആഴത്തിൽ അറിവ് എത്തിയിട്ടുണ്ടോ എന്ന് സംശയമാണ്. വനനശീകരണം ലോകത്തെല്ലായിടത്തും ദൂരവ്യാപക ആഘാതം സൃഷ്ടിച്ചു കഴിഞ്ഞ ഇക്കാലത്ത്, ആഗോളകാലാവസ്ഥാമാറ്റം നമ്മുടെ ചുറ്റുപാടുകളുടെ രൂപവും പ്രവർത്തനങ്ങളും ഒക്കെ വിനാശകരമായി മാറ്റിമറിയ്ക്കുന്ന ഇക്കാലത്ത് നാം കാടുകളെ അറിയാനും സംരക്ഷിക്കാനും ശ്രമിച്ചേ കഴിയൂ.

വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ ചുറ്റുപാടുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് വേദനിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന പരിസ്ഥിതി വിധ്വംസനപ്രവർത്തനങ്ങളാണ്. വർദ്ധിക്കുന്ന ജനസംഖ്യ കാരണം ജീവിക്കാനും കൃഷിചെയ്യാനുമാണ് പണ്ട് നമ്മുടെ നാട്ടിലും കാടുകൾ നശിപ്പിരുന്നതെങ്കിലും ഇന്നും മറ്റുപല വികസ്വര രാജ്യങ്ങളിലും ഇതു തുടരുന്നു. പണ്ടും ഇന്നും വ്യാവസായിക അസംസ്കൃതപദാർത്ഥങ്ങൾ കുഴിച്ചെടുക്കാനും അണക്കെട്ടുകളുടെ ജലസംഭരണികൾക്കായും മറ്റും നമ്മുടെ നാട്ടിലും കാടുകൾ തെളിക്കുന്നു. നൈസർഗികവനങ്ങളെ

റയോൺ, പൾപ്പ് വ്യസായങ്ങൾക്ക് ആവശ്യമായ യൂക്കാലിപ്റ്റസ് പോലുള്ള ഏകയിന വൃക്ഷത്തോട്ടങ്ങളാക്കി മാറ്റുന്നു. അല്ലെങ്കിൽ സ്വാഭാവിക വനങ്ങളെ തേക്കോ, സാലോ പോലുള്ള വിലപിടിപ്പുള്ള മരങ്ങൾ വച്ചു പിടിക്കാനായി നശിപ്പിക്കുന്നു.

## വനനശീകരണവും കാട്ടുതീയും

ജനസംഖ്യ അടിസ്ഥാനത്തിൽ ആനുപാതികമായി വളരെ കുറച്ചുമാത്രം കാടുകളുള്ള, എന്നാൽ രാഷ്ട്രത്തിന്റെ പാരിസ്ഥിതികഭദ്രതയ്ക്ക് മറ്റ് മിക്ക നാടുകളേക്കാളും വനവ്യാപ്തി കൂടുതൽ വേണ്ട നമ്മുടെ നാട്ടിൽ കാടുകൾ മനുഷ്യൻ കാരണം ശോഷിച്ചുകൊണ്ടേയിരിക്കുന്നു. കേരളത്തിൽ വനവ്യാപ്തിയിൽ വരുന്ന കുറവിനേക്കാളേറെ അപകടകരമായി തീർന്നിരിക്കുന്നത് മനുഷ്യൻ ഇടുന്ന തീ കാരണമുള്ള വനശോഷണമാണ്. അതീവജൈവസമ്പന്നതയും സങ്കീർണ്ണ ആഗോളപാരിസ്ഥിതികധർമ്മങ്ങളുമുള്ള കേരളത്തിലെ നിത്യഹരിതവനങ്ങൾ പശ്ചിമഘട്ടത്തിൽ അങ്ങിങ്ങ് ചിതറിയ ദുർഗമ മലഞ്ചരിവുകളിൽ മാത്രം നിനില്ക്കുന്ന തുണ്ടുകളായി കഴിഞ്ഞിരിക്കുന്നു. നിയമപരമായി വനഭൂമികളായി കണക്കാക്കുന്ന ഭൂപ്രദേശങ്ങൾ ഏറിയ കൂറും തീ കാരണം നൈസർഗിക ഹരിതസ്വഭാവം നഷ്ടപ്പെട്ട് ഇലപൊഴിയും വൃക്ഷങ്ങളും പുല്ലും പാറയും മാത്രമുള്ള ഊഷരഭൂമികളായി തീർന്നുകൊണ്ടിരിക്കുന്നു. ഇവയ്ക്ക് കാലാവസ്ഥാനിയന്ത്രണം സാധ്യമല്ല. നദികളിലെ നീരൊലിപ്പ് മഴയില്ലാമാസങ്ങളിൽ നിലനിറുത്താനും ഇവയ്ക്കാവില്ല. ഈ ശോഷിച്ച കാടുകൾക്ക് ജൈവസമ്പന്നതയുമില്ല. മിക്ക തദ്ദേശിയ വന്യജീവികൾക്കും അനുയോജ്യമായ ആവാസവ്യവസ്ഥയുമല്ല ഇവ. പാരമ്പര്യമായി നമുക്ക് ലഭ്യമായിരുന്ന ഔഷധസസ്യങ്ങൾ ഉൾപ്പെടെ ഒട്ടേറെ വനവിഭവങ്ങളും ഇന്ന് അവയിലില്ല. കത്തിവരണ്ട കാടുകൾക്കുള്ളിൽ ജലവും ആഹാരവും അഭയവും കിട്ടാത്ത വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങി വരുന്നതാണ് മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘട്ടനമായി വ്യാഖ്യാനിക്കപ്പെടുന്നത്. നൈസർഗിക വനസമൂഹസ്വഭാവം നഷ്ട



പ്പെട്ട കത്തിയ കാടുകൾക്കുള്ളിൽ വിദേശ കളകൾക്കുൾപ്പെടെ പെട്ടെന്ന് വ്യാപിക്കാൻ ത്രാണിയുള്ള സസ്യങ്ങളുടെ കടന്നുവരവ് അടുത്തുള്ള കൃഷിഭൂമികളേയും പ്രതികൂലമായി ബാധിക്കുന്നു.

മനുഷ്യരുടെ അശ്രദ്ധ കൊണ്ടോ ചിലപ്പോഴൊക്കെ മനപ്പൂർവ്വമോ തുടക്കം കുറിക്കുന്ന കാട്ടുതീ മഞ്ഞുകാലം മുതൽ മഴയെത്തും വരെ നീണ്ട മാസങ്ങളിൽ കത്തിപ്പടർന്ന് കേരളത്തിന് ഏല്പിക്കുന്ന പാരിസ്ഥിതിക ആഘാതം ഭയാനകമാണ്. ഇവിടത്തെ പൊതുസമൂഹത്തിന്റെ ബോധത്തിലത് പെട്ടിട്ടില്ലെന്ന് മാത്രം. ഓരോ വർഷവും നമ്മുടെ കാടുകൾ കത്തുന്നതു കാരണം അന്തരീക്ഷത്തിലെത്തുന്ന കാർബൺ ഡൈയോക്സൈഡും കാർബൺ കണികകളും ആഗോളകാലാവസ്ഥാമാറ്റത്തിന് ആക്കംകൂട്ടി എന്തെല്ലാം ഭീകര ദുരന്തങ്ങൾക്ക് കാരണമാകുന്നുവെന്ന് നമുക്ക് മുൻകൂട്ടി കാണാനാവുന്നുമില്ല. കാടുകത്തിക്കുന്നത് വരും തലമുറകളോട് ചെയ്യുന്ന ഏറ്റവും വലിയ ഹിംസയാണ്.

വനംവകുപ്പിന് മാത്രമായി കാട്ടുതീ തടയാനോ നിയന്ത്രിക്കാൻ പോലുമോ കഴിയില്ല. നീണ്ടു നീണ്ട് പതിനായിരക്കണക്കിന് കിലോമീറ്റർ വനഭൂമി നാട്ടുപ്രദേശവുമായി മുഖാമുഖമായിരിക്കുന്ന ഇടത്ത് എവിടെ നിന്നും മനുഷ്യനും കാട്ടുതീയ്ക്കും കാട്ടിലേക്ക് കടന്നുവരാം. ഈ നീണ്ട അതിരുകാക്കാൻ മതിലോ വേലിയോ വനംവകുപ്പിന് അംഗസംഖ്യാബലമോ ഇല്ല. വനം ഇന്നുള്ളവരുടേയും ഇനിയം ജനിക്കാനിരിക്കുന്ന തലമുറകളുടേയും പൊടുസ്വത്താണെന്ന സമൂഹബോധം മാത്രമേ യഥാർത്ഥ വനസംരക്ഷണത്തിന് വേണ്ടൂ. കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങളിൽ വനംവകുപ്പിന് നേതൃസ്ഥാനം കൊടുക്കാനാവും, സമൂഹത്തിന്റെ പിൻബലമുണ്ടെങ്കിൽ കാര്യക്ഷമമായി പ്രവർത്തിക്കാനുമാവും. വനംവകുപ്പു ജീവനക്കാർ എത്ര ശുഷ്ക്കാന്തിയോടെ പ്രവർത്തിച്ചാലും ഒരു വ്യക്തി വിചാരിച്ചാൽ കാടിന് തീയിടാൻ ആവുമെന്നതാണ് യാഥാർത്ഥ്യം. ആ തീ പിന്നെ നിയന്ത്രിക്കാനാ

യാൽ പോലും കുറച്ചെങ്കിലും കാട് നശിച്ചിട്ടുണ്ടാവും ആ നഷ്ടം പലപ്പോഴും പരിഹരിക്കാനുമാവില്ല. ആ മുറിവുണങ്ങാൻ ഏറ്റവും ചുരുങ്ങിയത് നൂറ്റാണ്ടുകളെങ്കിലും വേണ്ടി വരും.

നമ്മുടെ മാതൃഭൂമിയുടെ സ്വരക്ഷയ്ക്ക് നമുക്ക് ഏവർക്കും ചെയ്യാനാവുന്ന, പൂർണ്ണ അർപ്പണത്തോടെ ചെയ്യേണ്ടുന്ന കർത്തവ്യമാണ് പരിസ്ഥിതിസംരക്ഷണം. ഇതിൽ കേരളത്തിൽ, പ്രത്യേകിച്ച് കാടും നാടും ഇടകലർന്ന വയനാട്ടിൽ ഏറ്റവും പ്രവർത്തിക്കേണ്ടതലമാണ് കാട്ടുതീ തടയൽ. കാലാവസ്ഥാമാറ്റവും കാർഷികത്തകർച്ചയും ജലക്ഷാമവും ഒക്കെയുള്ള വയനാട്ടിൽ കാടുകളില്ലെങ്കിൽ നാടുമില്ല. ഇവിടെ നമ്മുടെ പ്രവർത്തനം ബോധവല്ക്കരണത്തിലൂടെ ആവാം. കാടുകൾ കത്തരുതെന്ന് നമുക്ക് ഓരോരുത്തർക്കും സ്വയം ബോധ്യപ്പെടുത്താം. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കാം. കാട്ടുതീ കത്തിപ്പിടിച്ചാൽ വനംവകുപ്പിനോട് സഹകരിച്ച് തീ നിയന്ത്രിക്കാൻ പ്രവർത്തിക്കാം. എവിടെയെങ്കിലും കാട് കത്തുന്നത് നാം കണ്ടാൽ ഏറ്റവും അടുത്ത വനംവകുപ്പ് ഓഫീസിൽ വിളിച്ചറിയിക്കാം.

ഇനിയും വൈകരുത്, കേരള സമൂഹമനസാക്ഷി കാടുകൾ കത്തരുതെന്ന് നിശ്ചയിച്ചുറച്ച ഒന്നാവട്ടെ.

കാടുകൾ കത്താത്ത, വേനൽത്തീക്ഷണതയിലും പച്ചിലച്ചാർത്തും ആർദ്രതയും നിലനിറുത്തുന്ന കാടുകളുള്ള ഒരു നല്ല നാളയെ പ്രതീക്ഷിച്ചു കൊണ്ട്....

(തയ്യാറാക്കിയത് : ഡോ. എസ് സതീഷ്ചന്ദ്രൻ)

Published by Wayanad Prakrithi Samrakshana Samithi & WCS
Printed at Modern Offset Printers, Bathery. Ph : 222681

# പശ്ചിമഘട്ട പുനരുജ്ജീവനവും വയനാടിന്റെ ഭാവിയും

## പ്രൊഫ. മാധവ് ഗാഡ്ഗിൽ കൽപ്പറ്റയിൽ സംസാരിക്കുന്നു.

**സപ്റ്റംബർ 5 വ്യാഴാഴ്ച 1.30ന് ലളിത് മഹൽ ഓഡിറ്റോറിയം**

മാന്യരെ,

പ്രളയങ്ങളും ഉരുൾപൊട്ടലും മണ്ണിടിച്ചിലും തീരാദുരിതങ്ങളും പശ്ചിമഘട്ട മലനിരകളോട് നാം കാണിച്ച അതിക്രമങ്ങളുടെ തിരിച്ചടിയാണെന്ന് ഇന്ന് ഏവരും തലകുലുക്കി സമ്മതിക്കുന്നുണ്ട്. കേരളത്തിന്റെ സുസ്ഥിരമായ വികസനത്തിന് പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം അത്യന്താപേക്ഷിതമാണെന്ന് ഇന്ന് ആർക്കും ഒരു സംശയവുമില്ല. ലക്ഷക്കണക്കിന് വർഷമായി തലമുറകൾക്ക് വെള്ളവും വായുവും ഭക്ഷണവും മാത്രമല്ല ജീവിത സുരക്ഷയും നൽകിയത് ഈ പർവതനിരകളാണെന്ന് നാം ഓർക്കണം.

പശ്ചിമഘട്ട മലനിരകളിൽ താമസിക്കുന്ന അനേകലക്ഷം വരുന്ന കർഷകർ, ആദിമ ഗോത്ര വർഗ്ഗങ്ങൾ, തൊഴിലാളികൾ തുടങ്ങിയവരുടെ മാഗ്നാകാർട്ടയാകുമായിരുന്ന പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ സമിതി റിപ്പോർട്ടിനെ ഗളച്ഛേദം നടത്തി കുഴിച്ചുമൂടുന്നതിന് കേരളമാണ് കാർമ്മികത്വം വഹിച്ചത്. കർഷകർക്കിടയിൽ വ്യാപകമായി കുപ്രചരണം അഴിച്ചുവിട്ടും സംഘടിതമായി ഭീതി പരത്തിയുമാണ് ക്വാറി-ഭൂ-റിസോർട്ട്-മത-ഉദ്യോഗസ്ഥ-രാഷ്ട്രീയ കൂട്ടുകെട്ട് ഗാഡ്ഗിൽ റിപ്പോർട്ടിന് ശവമഞ്ചം തീർത്തത്.

അമ്പരന്ന് അന്തം വിട്ട് നിൽക്കുന്ന കേരളം ഗാഡിഗിൽ റിപ്പോർട്ട് ഗൗരവതരമായി ചർച്ച ചെയ്യണമെന്ന് ചിന്തിച്ച് തുടങ്ങിയിരിക്കുന്നു. ഭരണാധികാരികൾക്കിടയിലും തെറ്റിദ്ധരിക്കപ്പെട്ടവർക്കിടയിലും പുനർവിചിന്തനത്തിന്റെ ലക്ഷണം കണ്ടു തുടങ്ങിയിട്ടുണ്ട്.

ഇത്തരമൊരു ദശാസന്ധിയിൽ പ്രൊ. മാധവ് ഗാഡ്ഗിലിന്റെ വയനാട് സന്ദർശനം ഏറെ പ്രസക്തമാണ്. **ഈ വരുന്ന സെപ്റ്റംബർ മാസം 5ന് വ്യാഴാഴ്ച ഉച്ചയ്ക്ക് 1.30 മണിക്ക് കൽപ്പറ്റ ലളിത് മഹൽ ഓഡിറ്റോറിയത്തിൽ പ്രൊഫ. ഗാഡ്ഗിൽ** പ്രസംഗിക്കും. വയനാട് പരിസ്ഥിതി കൂട്ടായ്മ സംഘടിപ്പിക്കുന്ന പരിപാടിയിലേക്ക് താങ്കളെ ക്ഷണിക്കുന്നു.

എന്ന്

സ്വാഗതസംഘം

കൺവീനർ
**എൻ. ബാദുഷ**

ചെയർമാൻ
**അഡ്വ. പി ചാത്തുക്കുട്ടി**